# അക്കാദമിക മാസ്റ്റർ പ്ലാൻ

## തളിപ്പറമ്പ യു പി സ്കൂൾ 2025-26



# ഉള്ളടക്കം


| | |
|---|---|
| ചരിത്രം | 1 |
| ആമുഖം | 2. |
| പൊതു ലക്ഷ്യങ്ങൾ | 3 |
| ഒന്നാം ക്ലാസ് | 4-10 |
| രണ്ടാം ക്ലാസ് | 11-13 |
| മൂന്നാം ക്ലാസ് | 13-16 |
| നാലാം ക്ലാസ് | 17 |
| യുപി ഹിന്ദി | 18 |
| യുപി സംസ്കൃതം | 19 |
| യുപി ഉറുദു | 20-22 |
| യുപി അടിസ്ഥാനശാസ്ത്രം | 23 |
| യുപി സാമൂഹ്യശാസ്ത്രം | 24-25 |
| യുപി ഇംഗ്ലീഷ് | 26-31 |
| യുപി ഗണിതം | 32. |
| യു.പി. മലയാളം | 33 |


TALIPARAMBA U.P. SCHOOL
TALIPARAMBA-670141

DHANALAKSHMI. A
HEADMISTRESS
TALIPARAMBA U.P. SCHOOL
TALIPARAMBA

# ചരിത്രം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ 1908 ൽ കുടിപ്പള്ളിക്കൂടം എന്ന നിലയിൽ ആരംഭിച്ച സ്ഥാപനമാണ് തളിപ്പറമ്പ യു.പി സ്കൂൾ. 1928ൽ പുതിയെടത്ത് കിഴക്കേക്കര വീട്ടുകാരായ ശ്രീ. ഗോവിന്ദൻ നമ്പ്യാർ, ചാത്തുക്കുട്ടി നമ്പ്യാർ തുടങ്ങിയവർ സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്തു. തുടക്കത്തിൽ തൃച്ചംബരം എലിമെന്ററി സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. 1958 ൽ ഇത് യു.പി സ്കൂളായി ഉയർത്തപ്പെട്ടു. ശ്രീ. പത്മനാഭൻ നമ്പ്യാർ ദീർഘകാലം മാനേജരും ഹെഡ്മാസ്റ്ററുമായി സ്കൂളിനെ നയിച്ചു. 1987 മുതൽ ടി.പി മോഹൻദാസ്, 2000 മുതൽ ശ്രീമതി. പി.വി പത്മിനി എന്നിവർ മാനേജർമാരായി. സ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ ഗോവിന്ദൻ മാസ്റ്റർ ആയിരുന്നു.

# ആമുഖം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ അറിവിന്റെ കെടാവിളക്കായി തലയുയർത്തി നിലകൊള്ളുന്ന വിദ്യാലയമാണ് തളിപ്പറമ്പ യു.പി സ്കൂൾ. ഓട്, വാർപ്പ് കെട്ടിടങ്ങളിലാണ് വിദ്യാലയം നിലകൊള്ളുന്നത്. [illegible] 1 മുതൽ 5 വരെ ഓരോ ഡിവിഷനുകളും 6,7 ക്ലാസുകൾ രണ്ട് ഡിവിഷനുകളുമാണ് ഉള്ളത്. ഹെഡ്മിസ്ട്രസ്സും ഓഫീസ് അസിസ്റ്റന്റും 11 അധ്യാപകരും ഉള്ള ഈ സ്കൂളിൽ 196 എണ്ണം കുട്ടികൾ ഈ വർഷം പഠനം നടത്തുന്നു.

| ക്ലാസ് | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|
| ആൺ | 5 | 7 | 11 | 10 | 14 | 24 | 25 |
| പെൺ | 7 | 5 | 5 | 11 | 13 | 19 | 26 |
| ആകെ | 12 | 12 | 16 | 21 | 27 | 43 | 51 |

നേട്ടങ്ങൾ.

പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്താൻ വിദ്യാലയത്തിന് സാധി-ക്കുന്നു. കലോത്സവങ്ങളിലും ശാസ്ത്ര-ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളകളിലും സബ്ജില്ലയിൽ മത്സരിച്ച് ജില്ല വരെ എത്താൻ സാധിച്ചിട്ടുണ്ട്. കായികാധ്യാപകൻ ഇല്ലാതിരുന്നിട്ടും കായികമത്സര-ങ്ങളിൽ ജില്ലയിലേക്ക് എത്താൻ സാധിച്ചിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ എന്നിവ-യിൽ കോച്ചിംഗ് നൽകാറുണ്ട്. സ്കൂളിനു സമീപം തന്നെ മറ്റു വ്യക്തികളുടെ സ്ഥലം ഏറ്റെടുത്ത് പച്ചക്കറി നടത്താൻ തീരുമാനമായിട്ടുണ്ട്. എൽ. എസ്. എസ്, യു. എസ്. എസ് കോച്ചിംഗ് വർഷാരംഭം തന്നെ നടത്തുന്നത് സ്കോളർഷിപ്പിൽ മികച്ച വിജയം നേടാൻ സഹായിച്ചിട്ടുണ്ട്. ഉറുദു, സംസ്കൃതം സ്കോളർഷിപ്പു-കൾ പങ്കെടുപ്പിച്ച മുഴുവൻ കുട്ടികൾക്കും ലഭിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്.

# പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

* എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവുണ്ടെന്ന് ഉറപ്പ് വരുത്തുക.

* പാരിസ്ഥിതിക അവബോധവും മൂല്യബോധവും ശാസ്ത്രബോധവും സ്വാശ്രയ ചരിത്രബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ളവരാകാൻ പ്രാപ്തരാക്കുക.

* രക്ഷിതാക്കളും സ്കൂളുമായുള്ള ബന്ധം ദൃഢപ്പെടുത്തുക

# ഒന്നാം ക്ലാസ്

## അക്കാദമിക
## മാസ്റ്റർ പ്ലാൻ

## ജൂൺ

### പ്രവർത്തനങ്ങൾ

* ചിത്രനോട്ട്ബുക്ക്, അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ.
* ചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.
* അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം
* ചിത്രകാർഡുകൾ, വായനകാർഡുകൾ നിർമ്മാണം
* താളാത്മകമായി ചെറുകവിത ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനമൂല - ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ ഡയറി എഴുതുന്നു
* പുസ്തകങ്ങൾ തൊട്ടറിയാനും എടുത്തു നോക്കാനും അവസരം
* ചെറിയ കഥകൾ കേൾക്കാൻ അവസരം
* അക്ഷരപ്പാട്ടുകളിലൂടെ ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ പരിചയിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

* റീഡേഴ്സ് തീയേറ്റർ, നിർമ്മാണശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
* ഭാഷാവികാസത്തിന് അവസരം ഒരുക്കുന്നു
* സംയുക്തഡയറി എഴുത്ത് തുടങ്ങുന്നു
* പാഠപുസ്തകത്തിലെ എഴുത്ത് ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
* ആശയഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

* സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം നൽകുന്നു
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നു.
* ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കാനുള്ള അവസരം
* ദിനവിശേഷങ്ങളെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

* ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്രരചയിതാക്കൾ ആവുന്നു.
* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

* വായനോത്സവം തുടങ്ങുന്നു
* രചനോത്സവം തുടങ്ങുന്നു
* പത്രവായനയ്ക്ക് അവസരം
* താളാത്മകമായി കവിത ചൊല്ലൽ
* ചെറുകഥകൾ പങ്കിട്ട് വായിക്കുന്നു
* ക്ലാസ്പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കൽ.
* രചനശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു
* ലഘു കവിതകൾ, കഥകൾ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോവാതെ പറയാനും എഴുതാനും സാധിക്കുന്നു.
* സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു

## ജനുവരി

### പ്രവർത്തനങ്ങൾ

* ലഘുരചനാശില്പശാലകൾ നടത്തുന്നു.
* വായനാകേളികളിലൂടെ സ്വതന്ത്ര്യവായനക്കാരാക്കുന്നു.
* കുട്ടികളുടെ കഥകൾ, കവിതകൾ, എന്നിവയുടെ പ്രകാശനം
* കുട്ടികളുടെ സ്വതന്ത്ര്യരചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടു കൂടി നടത്തുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആശയപൂർണ്ണതയുള്ള തൻമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

# മാർച്ച്

## പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ. കവിതകൾ. പുസ്തക രൂപത്തിൽ ആക്കി പ്രകാശനം നടത്തുന്നു.
* വീട്ടുവായന, കൂട്ടവായന, നാട്ടുവായന, ചങ്ങല വായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

## വിലയിരുത്തൽ

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
* മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
* സംയുക്തഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* എല്ലാ കുട്ടികളുടെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ Class - 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| * ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | * ചിത്രങ്ങൾ നൽകൽ<br>* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>* വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കൽ. | ജൂൺ | |
| * എല്ലാ കുട്ടികളുടെയും അക്ഷരമറിഞ്ഞ വായന ഉറപ്പാക്കുക. | * ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.<br>* ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ | ജൂലൈ.<br>ആഗസ്റ്റ് | |
| * ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകൂടാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക. | * വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>* കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ<br>* കഥയെ ചിത്രങ്ങളാക്കൽ | | |

11

* കേട്ടതോ വായിച്ചതോ ആയ കഥകൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.
* വിവിധതരത്തിലുള്ള ചർച്ചകൾ നടത്താൻ വേണ്ടുന്ന ഉപകരണങ്ങൾ നൽകുന്നു.
* ക്ലാസ്സിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.
* തന്റെ ഇഷ്ടമുള്ള പുസ്തകങ്ങൾ തയ്യാറാക്കുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ഇടപെടുന്നവർ
ഉത്സാഹത്തോടെ
സംസാരിക്കുന്നവർ
പങ്കെടുക്കുന്നവർ

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യത്യസ്തമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രങ്ങൾ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

| | | | |
|---|---|---|---|
| * താളം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും, ചൊല്ലുകയും ചെയ്യുന്നു. | * വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ<br>* കുട്ടികളിൽ സർഗാത്മക പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് ഉള്ള അവസരം ഒരുക്കൽ.<br>* സ്കൂളിൽ കുട്ടികളുടെ സൃഷ്ടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ. | | |

# Academic Masterplan

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - III, IV

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | സംഖ്യകൾ ഉറപ്പിക്കൽ | • സംഖ്യകൾ എഴുതിയ നമ്പർ കുട്ടികൾക്ക് നൽകുന്നു. • സംഖ്യ വായിക്കുന്നു. മറ്റുള്ളവർ സംഖ്യ എഴുതുന്നു | ജൂൺ | ക്ലാസ് ടീച്ചർ |
| 2 | കൂട്ടങ്ങളാക്കാം | • ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതാം. കളിനോട്ട്/സ്റ്റിക് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം • അബാക്കസിൽ ക്രമീകരിക്കാം | ജൂൺ | ക്ലാസ് ടീച്ചർ |
| 3 | ചതുഷ്ക്രിയകൾ ഉറപ്പിക്കാം. | • വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. | ജൂലൈ - ഫെബ്രുവരി | |

| | | | | |
|---|---|---|---|---|
| | | • കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം | | |
| 4. | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | • ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസ്വാദനവും.<br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA |
| 5 | ഗണിതം ലളിതമാക്കാം കളികളിലൂടെ | • ഗണിതോത്സവം | ജനുവരി–മാർച്ച് | SRG<br>ക്ലാസ് ടീച്ചർ |

# Academic Master plan
## English

Class - 3,4

| | | | |
|---|---|---|---|
| വായന - വാക്കുകൾ. | ഷോ Reading Card -<br>Reading Card ഉപയോഗിച്ച് അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് വായിക്കാൻ പഠിപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപിക |
| വാക്യങ്ങൾ - രചന | ചെറിയ വാക്യങ്ങളുടെ നിർമ്മാണം പരിശീലിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക. |
| | Reading Card<br>കുട്ടികളെ വായനാ Card ലൂടെ നന്നായി വായിക്കാൻ പരിശീലിപ്പിക്കുന്നു. | ഓഗസ്റ്റ്. | |
| | വായനാ മത്സരം സംഘടിപ്പിക്കൽ<br>Role play<br>കഥ അവതരിപ്പിക്കൽ.<br>Let's talk<br>[illegible] - ഇംഗ്ലീഷ് | സെപ്തംബർ - മാർച്ച്<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി - മാർച്ച് | |

# Academic Master Plan

## പരിസര പഠനം - std3,IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാധനങ്ങൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | അധ്യയനവർഷം | ക്ലാസ് ടീച്ചർ | അധ്യാപകർ |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ചാർട്ട്, പാഠോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇന്ത്യ-ഭൂപട വായന-പരിചയപ്പെടൽ | ഭൂപടവായന ഭൂപട രചന | ജൂലൈ മാസത്തിൽ | ക്ലാസ് ടീച്ചർ | അധ്യാപകർ |
| വിവിധതരം പക്ഷികളെ തിരിച്ചറിയൽ | നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ, ചാർട്ട് തയ്യാറാക്കൽ | ജൂലൈ മാസത്തിൽ | ക്ലാസ് ടീച്ചർ | അധ്യാപകർ |
| കേരളത്തിലെ കലാരൂപങ്ങളെ കുറിച്ചുള്ള അറിവുനേടൽ | കലാരൂപങ്ങളുടെ ചിത്ര പ്രദർശനവും വിവരണവും - ക്ലാസിൽ | ഓഗസ്റ്റ് മാസത്തിൽ | ക്ലാസ് ടീച്ചർ | അധ്യാപകർ. |

# മാസ്റ്റർ പ്ലാൻ

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം - | പ്രവർത്തനങ്ങൾ |
|---|---|
| 1. 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അക്ഷരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക | വർത്തിയ പദങ്ങൾ വാക്യങ്ങൾ എന്നിവ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുക്കൽ പഠിപ്പിക്കും ചിത്രങ്ങൾ അക്ഷരമാല ചാർട്ട് എന്നിവ |
| 2. ഹിന്ദി വായന - തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ലക്ഷ്യം | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും |
| 3. ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ക്ലാസുകളിൽ ഹിന്ദി ഉപയോഗിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന രീതി കൊണ്ടുവരും |

## അക്കാദമിക് മാസ്റ്റർ പ്ലാൻ : സംസ്കൃതം. തളിപ്പറമ്പ - യു.പി. സ്കൂൾ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സഹായികൾ |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ. | ടെസ്റ്റ് നടത്തി പിഴവുകളും പരിമിതികളും കണ്ടെത്തുന്നു. | 2 മാസം. | - വായനാ കാർഡ്<br>- വർക്ക് ഷീറ്റുകൾ | അധ്യാപിക. |
| 2. | അക്ഷരങ്ങളും പദങ്ങളും അവയുടെ അർത്ഥങ്ങളും ഉറപ്പിക്കുക. | പദപ്പയറ്റ്. | 1 മാസം. | പാഠപുസ്തകം. | |
| 3. | എല്ലാ കുട്ടികളും അർത്ഥബോധത്തോടെ വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക. | വായനാക്കളി | ജൂൺ-മാർച്ച്. | വായനാസാമഗ്രികൾ. | |
| 4. | സർഗ്ഗാത്മകരചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക. | കഥ - കവിത - ഉപന്യാസ രചനാ മത്സരങ്ങൾ.<br>പതിപ്പ് നിർമ്മാണം. | 3 മാസം | | |

# ആമുഖം

കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി എഴുത്ത്, വായന, സർഗാത്മകത തുടങ്ങിയവയിൽ ശേഷി നേടുന്നതിനും അക്കാദമിക പരമായ നേട്ടങ്ങൾ കൈവരിക്കുന്നതിലെ അപാകതകൾ പരിഹരിച്ച് കുട്ടികൾക്ക് മാനസികവും ശാരീരികവും ആയ ഉല്ലാസത്തോടുകൂടി അക്കാദമിക നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ ലക്ഷ്യം വെച്ചാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്.

ഈ വർഷം ജൂൺ മാസം മുതൽ അടുത്തവർഷം മാർച്ച് മാസം വരെയുള്ള കാലയളവിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 5, 6, 7 ക്ലാസുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

ഉർദു

| ക്രമ നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രികൾ | നിർവഹണ ചുമതല | സാമ്പത്തികം | കാലയളവ് | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- | --- | --- |
| 1 | ഉർദു വായന | ഉർദുവിൽ ഭാഷാശേഷി കൈവരിക്കുന്നതിനായി വിവിധ സാമഗ്രികളുടെയും ഭാഷാകേളികളുടെയും സഹായത്തോടെ കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നു. | ഉർദു പദ കാർഡുകൾ<br>വായനാ കാർഡ്<br>ചാർട്ടുകൾ<br>ചിത്ര കാർഡുകൾ<br>ചിത്ര വായന<br>ബാല കവിതകൾ<br>വർണ്ണാക്ഷരം<br>അക്ഷര കാർഡ് | ഉർദു അധ്യാപിക | ഉർദു ക്ലബ് | 2020 ജൂൺ മുതൽ 2026 മാർച്ച് വരെ | ഫെബ്. മാ |
| 2 | ഉർദു എഴുത്ത് | വാക്യങ്ങളിലൂടെ പദങ്ങളിലേക്കും പദങ്ങളിലൂടെ അക്ഷരങ്ങളിലേക്കും അക്ഷരങ്ങളുടെ ഘടന മനസ്സിലാക്കി എഴുതാനുള്ള കഴിവ് മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. പരിശീലനത്തിനായി കോപ്പി ബുക്കിൽ പാഠഭാഗം എഴുതുന്നു. | കോപ്പി ബുക്ക്<br>അക്ഷര കാർഡ്<br>പദകാർഡ്<br>വർക്ക് ഷീറ്റ് | ഉർദു അധ്യാപിക | ഉർദു ക്ലബ് | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | ഫെബ്. മാ |

| ക്രമ നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രികൾ | നിർവഹണ ചുമതല | സാമ്പത്തികം | കാലയളവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| | | പ്രവർത്തനം :- മാഗസിൻ നിർമ്മാണം പദകേളി ഐസിടി ഉപയോഗം കൈയ്യെഴുത്ത് മത്സരം | | | | | |
| 3 | ഉർദു ക്ലബ്ബ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. | അധ്യാപകരുടെ സേവനം ICT ഉപയോഗം പോസ്റ്ററുകൾ | ഉർദു അധ്യാപിക | ഉർദു ക്ലബ്ബ് | ഓരോ ടേമിലും ഓരോ ക്യാമ്പ് | പങ്കാളിത്തം |
| | | | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ  അടിസ്ഥാന ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | - ഔഷധസസ്യങ്ങൾ പരിചയപ്പെടൽ<br>- ആവാസ വ്യവസ്ഥ സന്ദർശിക്കൽ<br>- പച്ചക്കറിത്തോട്ടം സന്ദർശിക്കൽ<br>- സ്കൂളിൽ പച്ചക്കറി നടൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് |
| 2 | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക | - നിത്യജീവിതത്തിൽ പരിമിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായി ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>- സയൻസ് കിറ്റ് തയ്യാറാക്കൽ<br>- സ്കൂൾ ശാസ്ത്രമേള സംഘടിപ്പിക്കൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| 3 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിന് ഉപയുക്തമാക്കുക. | - ICT യുടെ സഹായത്തോടെ ശാസ്ത്രവിദ്യയെ കുട്ടികളിൽ എത്തിക്കുന്നു<br>- പാഠഭാഗവുമായി ബന്ധപ്പെട്ടുകൊണ്ട് വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് |

മേഖല: അക്കാദമികം

ഉപമേഖല: സാമൂഹ്യശാസ്ത്രം

| ലക്ഷ്യം: | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| 1) മനുഷ്യന്റെ പരിണാമത്തെക്കുറിച്ച് തിരിച്ചറിയൽ | മനുഷ്യപരിണാമത്തെക്കുറിച്ച് ചാർട്ട് തയാറാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 2) വിവിധ രാജ്യങ്ങളുടെ പ്രധാന്യം തിരിച്ചറിയുക. | ആൽബം നിർമ്മിക്കൽ | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 3) ജനാധിപത്യപരമായ ജീവിത സാഹചര്യം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് തെരഞ്ഞെടുപ്പ് | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുക. | ഭൂകമ്പം / സുനാമി സുനാമി എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കുക. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| 5 സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രാപ്തരാക്കുക | പ്രകൃതി ദുരന്തങ്ങൾ, സംഭവിച്ച സ്ഥലങ്ങൾ / ഇരയായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹികശാസ്ത്രാധ്യാപകർ |
| 6) | | | |
| 7) വിവരസാങ്കേതിക വിദ്യ കൂടെ ഉപയോഗപ്പെടുത്തി റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | റോഡ് സുരക്ഷയെ പറ്റി കുട്ടികളെയും രക്ഷിതാക്കളെയും ബോധവാന്മാരാക്കാൻ class കൊടുക്കുക. | അക്കാദമിക വർഷം | സാമൂഹികശാസ്ത്രാധ്യാപകർ |

Academic Master plan.

Class - V

English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | Lend Your Ear<br>ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. തുടർന്ന് ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ - ജൂലൈ | ഇംഗ്ലീഷ് അധ്യാപിക |
| | Follow me if you can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള അവസരം നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപിക |
| | Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപിക |
| | Missing Man<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം record ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം ഇനി കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ഒക്ടോബർ, നവംബർ | ഇംഗ്ലീഷ് അധ്യാപിക<br>ചുമതലപ്പെട്ട കുട്ടികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | One Man Show<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഡിസംബർ | ഇംഗ്ലീഷ് അധ്യാപിക |
| | I Too Can<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ശേഖരിക്കുന്നു. തെറ്റു കൂടാതെ വായിക്കാൻ അവസരം നൽകുന്നു. ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക് | ജനുവരി. | ഇംഗ്ലീഷ് അധ്യാപിക |
| | Leaning Ladder.<br>പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കുട്ടികൾക്ക് വായിക്കുവാൻ അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യും. | ഫിബ്രവരി, മാർച്ച് | ഇംഗ്ലീഷ് അധ്യാപിക |

# Academic Master Plan
## English

Class. VI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ~~Ales~~ Alert zone<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസ് എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സ് മുറിയിലുമായി പ്രദർശിപ്പിക്കുന്നു. | ജൂൺ - ജൂലൈ ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപിക |
| | Run baby Run:<br>ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്ക്/വാക്യം തെറ്റു കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ |
| | Fun time<br>കടംകഥകൾ, കുസൃതി ചോദ്യങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | സെപ്റ്റംബർ, ഒക്ടോബർ | |

| | | | |
|---|---|---|---|
| | **Role play**<br>പാഠഭാഗങ്ങളിലെ കഥാപാത്രങ്ങളെ class ൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | നവംബർ/ എല്ലാ ഇംഗ്ലീഷ് പിരിയഡും | ഇംഗ്ലീഷ് അധ്യാപകർ |
| | **Poetry / Speech**<br>കവിത, പ്രസംഗം എന്നിവ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഡിസംബർ/ എല്ലാ ആഴ്ചയിലും ഒരു പിരിയഡ്. | ഇംഗ്ലീഷ് അധ്യാപകർ |
| | **My droplets**<br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ / മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു | ജനുവരി. | ഇംഗ്ലീഷ് അധ്യാപകർ |
| | **Reader of the month**<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ തെരഞ്ഞെടുക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ |

# Academic Masterplan

## English

Class : VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുക തെറ്റു കൂടാതെ ഇംഗ്ലീഷ് എഴുതാനും വായിക്കാനും പറയാനും ഒപ്പം ക്ലാസ്സ് കഴിയുന്ന രീതിയിൽ കുട്ടികളെ തയ്യാറാക്കുക/ പരിശീലിപ്പിക്കുക. | **Reader's Theatre**<br>ഹ്രസ്വമായ കഥകൾ, വിവരണം കവിതകൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപിക |
| | **Role play/skit**<br>പാഠഭാഗങ്ങൾ/situations നാടകം/skit രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക |
| | **Reader of the Month**<br>ഏറ്റവും നല്ല വായനക്കാരനെ/ക്കാരിയെ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നു. ഇംഗ്ലീഷ് News paper ഉപയോഗിക്കുന്നു. | ആഗസ്റ്റ് (ഓരോ ആഴ്ചയിലും മത്സരം സംഘടിപ്പിക്കുന്നു) | ഇംഗ്ലീഷ് അധ്യാപിക |
| | **One Man show / English Assembly**<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് അവസരം നൽകുന്നു. മാസത്തിൽ ഒരിക്കൽ assembly സംഘടിപ്പിക്കുന്നു | സെപ്റ്റംബർ/ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപിക<br>ഇംഗ്ലീഷ് ക്ലബ്ബ് |

Class - VII

| | | | |
|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയത്തിന് അവസരം നൽകി ആത്മവിശ്വാസം വളർത്തുന്നു. | **Treasure Hunt**<br>വ്യത്യസ്തമായ ഉപയോഗിച്ച് വസ്തുക്കളെ വിവരിക്കാൻ അവസരം നൽകുന്നു. വസ്തു ഏതെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു. പോയന്റ് നൽകുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ ക്ലബ്ബ് അംഗങ്ങൾ |
| | **Breaking News**<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശീലിക്കാൻ അവസരം നൽകുന്നു. | ഡിസംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | **Conversational challenge**<br>ഒരു doctor-patient, teacher-Student, Merchant-buyer group ആയി, കുട്ടികളുടെ conversation skill വികസിപ്പിക്കാൻ സഹായം നൽകുന്നു. | 2-3 times a week (ജനുവരി) | |
| | **The Grand camp**<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി ഇതിനോട് ചേരാൻ അവസരം നൽകുന്നു. | ഫെബ്രുവരി/മാർച്ച് | എല്ലാ അധ്യാപകരും |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - UP. Maths

ഗണിതാശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനും ഗണിത ചിന്തകൾ വളർത്തുന്നതിനും, അടിസ്ഥാന ശേഷി നേടിയെടുക്കുന്നതിനും, പഠനം കഴിഞ്ഞുള്ള ഗണിതസന്ദർഭങ്ങളെ പരിചയപ്പെടുന്നതിനുമായി ജൂൺ മാസത്തിലെ മൂന്നാമത്തെ ആഴ്ചയ്ക്കുള്ളിൽ തന്നെ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് നടത്തുന്ന മൂല്യനിർണയത്തിലൂടെ കുട്ടികളെ താഴെ പറയുന്ന ഗ്രൂപ്പുകളായി തരം തിരിക്കുന്നു.

Group I - ഗണിതത്തിലെ അടിസ്ഥാന ക്രിയാശേഷി കൈവരിക്കാത്തവർ

Group II - ചതുഷ്ക്രിയാ ശേഷി നേടിയിട്ടുണ്ടെങ്കിലും ഗണിതാശയം ഉപയോഗിച്ച് പ്രശ്നനിർധാരണം ചെയ്യാൻ സാധിക്കാത്തവർ

Group III - ഗണിതാശയ ധാരണയുള്ളവർ, ഗണിതത്തിൽ മികച്ച നിലവാരമുള്ളവർ.

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നടപ്പിലാക്കുന്നത് | ചെലവ് തുക |
|---|---|---|---|---|---|---|
| 1 | ഗണിതകേളി | ഗണിതത്തിൽ പിന്നാക്കക്കാരെ മുന്നിലെത്തിക്കാൻ | കളി, പാട്ട്, കമ്പ്യൂട്ടർ ഗെയിം നിർമാണം, ജ്യാമിതീയ പാറ്റേൺ, ഗണിത ക്വിസ്, പസിൽ | 1 വർഷം | PTA, ഗണിതാധ്യാപകർ | — |
| 2 | ചതുഷ്ക്രിയാബോധം | ചതുഷ്ക്രിയ ഉറപ്പാക്കാൻ | ഗണിതകേളി, ഗണിതലാബ് ഉപകരണങ്ങളുടെ സഹായത്തോടെ (ജിയോ ജിബ്ര) ചതുഷ്ക്രിയ പഠനം ഉറപ്പാക്കാൻ | [illegible] | ഗണിതാധ്യാപകർ | — |
| 3 | ശില്പശാല | ഗണിതപഠനം നിർമാണത്തിലൂടെ എളുപ്പമാക്കാൻ | ശില്പശാല സംഘടിപ്പിക്കൽ - ഗണിതചാർട്ടുകൾ ഗണിത പഠനോപകരണങ്ങൾ നിർമിക്കൽ | ഗണിതശാസ്ത്ര 1 മാസം | PTA അധ്യാപകർ, കുട്ടികൾ | PTA+HM 3000 രൂ |

## അക്കാദമിക് മാസ്റ്റർപ്ലാൻ മലയാളം.

ലക്ഷ്യം : എല്ലാ കുട്ടികൾക്കും മലയാളം വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ എൽ.പി. യു.പി.

### പ്രവർത്തനങ്ങൾ

- പ്രീ-ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. എസ്. ആർ. ജി ചർച്ച. തുടർപ്രവർത്തനം.
- ചിത്രങ്ങളിലൂടെ അക്ഷരം ഉറപ്പിക്കുക. അക്ഷരകാർഡ്.
- അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ. വാക്കുകളിലൂടെ വാക്യങ്ങൾ നിർമ്മിക്കൽ.
- ചിത്രം നോക്കി കഥ പറയൽ.
- ചിത്രം നോക്കി കഥ എഴുതൽ.
- വായനകാർഡുകൾ നൽകൽ.

ഐ.സി.ടി. സാധ്യത.

- ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തൽ.
- വീഡിയോ ചിത്രങ്ങളിലൂടെ വാക്കുകൾ, വാക്യങ്ങൾ, സംഭാഷണങ്ങൾ എന്നിവ കണ്ടെത്തി എഴുതൽ.
- അടിക്കുറിപ്പ്, പോസ്റ്റർ രചന.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും ഉത്സവങ്ങളും.

മലയാളം LP, UP

ലക്ഷ്യം

· സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കുക
· പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക.

പ്രവർത്തനങ്ങൾ:-

· ലൈബ്രറിയിലുള്ള പുസ്തകങ്ങൾ ഏതൊക്കെയെന്ന് ലിസ്റ്റ് തയ്യാറാക്കുന്നു.
· ലൈബ്രറി ആകർഷകമാക്കുന്നു.
· മുഴുവൻ സമയവും ലൈബ്രറി സജീവമാക്കുക.
· ഓരോ ക്ലാസിലേക്കും ആവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുക.
· സമീപ വായനശാലകളിൽ അംഗത്വം.
· വായനക്കുറിപ്പുകൾ തയ്യാറാക്കൽ - രക്ഷിതാക്കളുടെ സഹായം.
· വായനാനുഭവം പങ്കിടൽ
· ഡയറിക്കുറിപ്പുകൾ.
· ആനുകാലികപ്രസിദ്ധീകരണങ്ങൾ - വായന.
· സാഹിത്യകാരന്മാരുടെ ജീവിതം, പുസ്തകം എന്നിവ പരിചയപ്പെടുത്തൽ ICT.
· വായനാശീലങ്ങൾ വികസിപ്പിക്കുന്നു. ഇ. വായന.